(സി) ഇക്കൊല്ലത്തെ ക്രെഡിറ്റ് ടാർജറ്റ് പൂർത്തീകരിക്കാൻ സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

ഗ്രാമീണ റോഡുകൾക്ക് നബാർഡ് സഹായം

40 (1948) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1998-99 വർഷത്തിൽ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനു നബാർഡിൽ നിന്നും എന്തു തുകയാണു കിട്ടിയിട്ടുള്ളത് ;

(ബി) ഈ തുകയിൽ ഓരോ ജില്ലയ്ക്കും എത്ര വീതം അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തുക ഉപയോഗിച്ച് അനുവദിച്ച റോഡുകളുടെ പുനരുദ്ധാരണ പണികൾ ആരംഭിച്ചിട്ടുള്ളതായി അറിയുമോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാലതാമസം എന്തുകൊണ്ടാണെന്നു വെളിപ്പെടുത്താമോ ;

(ഇ) 1999-2000 വർഷത്തേയ്ക്ക് നബാർഡിൽ നിന്നും എന്തു തുകയാണ് ഈ പദ്ധതിക്കായി ആവശ്യപ്പെട്ടിട്ടുള്ളത് ;

(എഫ്) തുക അനുവദിച്ചിട്ടുണ്ടെങ്കിൽ അതെത്രയെന്നു വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) ഉത്തരം അനുബന്ധമായി നൽകിയിട്ടുണ്ട്.†

(സി & ഡി) ഉത്തരം അനുബന്ധമായി നൽകിയിട്ടുണ്ട്.†

(ഇ) 1999-2000 വർഷത്തേയ്ക്ക് നബാർഡിൽ നിന്നും ഈ പദ്ധതിക്കായി 25 കോടി രൂപ ആവശ്യപ്പെടാൻ ഉദ്ദേശിക്കുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനം ആയിട്ടില്ല.

(എഫ്) ബാധകമല്ല.

സർക്കാർ പ്രസ്സുകൾ

41 (1949) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. കെ. ബാവ :
ശ്രീ. കെ. പി. എ. മജീദ് :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഏതെല്ലാം ജില്ലകളിൽ ഗവൺമെന്റ് പ്രസ്സ് പ്രവർത്തിക്കുന്നുണ്ട് ;

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഗവൺമെന്റ് പ്രസ്സുകൾ ഇല്ലാത്ത ജില്ലകളിൽ ഗവൺമെന്റ് പ്രസ്സുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കിൽ എപ്പോൾ നടപ്പിൽ വരുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) തിരുവനന്തപുരം, കോട്ടയം, എറണാകുളം, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ എന്നീ ജില്ലകളിൽ സർക്കാർ പ്രസ്സുകൾ പ്രവർത്തിക്കുന്നു.

(ബി & സി) കൊല്ലം ജില്ലകളിൽ പുതിയ സർക്കാർ പ്രസ്സ് സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. മറ്റു ജില്ലകളിൽ സർക്കാർ പ്രസ്സുകൾ സ്ഥാപിക്കുന്നതിന് ഇപ്പോൾ ഉദ്ദേശമില്ല.

സെൻട്രൽ പ്രസ്സ് ആധുനികവൽക്കരണം

42 (1950) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്തെ സർക്കാർ സെൻട്രൽ പ്രസ്സ് ആധുനിക വൽക്കരിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) ഗസറ്റ് നോട്ടിഫിക്കേഷനും മറ്റും അച്ചടിച്ചിറക്കുന്നതിൽ നേരിടുന്ന കാലതാമസം കണക്കിലെടുത്ത് സർക്കാർ സെൻട്രൽ പ്രസ്സിൽ ഓഫ്സെറ്റ് പ്രിന്റിംഗ് മെഷീൻ സ്ഥാപിക്കുവാനും ഷിഫ്റ്റ് ഏർപ്പെടുത്തുവാനും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എന്നത്തേക്ക് ഓഫ് സെറ്റ് അച്ചടി ആരംഭിക്കുമെന്നും ഷിഫ്റ്റ് ഏർപ്പെടുത്തുമെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സ് ഭാഗികമായി ആധുനികവൽക്കരിച്ചിട്ടുണ്ട്.

(ബി) ആധുനികവൽക്കരണത്തിന്റെ ഭാഗമായി ഡി.റ്റി.പി. സംവിധാനം ഉൾപ്പെടെയുള്ള ഓഫ്സെറ്റ് വിഭാഗം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ പ്രവർത്തിച്ചു തുടങ്ങിയിട്ടുണ്ട്.

(സി & ഡി) ഓഫ്സെറ്റ് അച്ചടി ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിൽ ഷിഫ്റ്റ് സമ്പ്രദായം ഇപ്പോൾ നിലവിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly